പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 221 **28-10-2026-ൽ മറുപടിയ്ക്ക്**

കാട്ടാന ആക്രമണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. ജയന്ത്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ജനവാസ മേഖലകളിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് തടയുന്നതിനായി സ്ഥാപിച്ച ആന പ്രതിരോധ വേലികളുടെ ആകെ നീളം എത്രയെന്ന് വ്യക്തമാക്കാമോ;

മറുപടി: മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ കാട്ടാനകൾ കാരണം 2021-22 മുതൽ 2026-27 വരെ (20/10/2026 വരെ) സംസ്ഥാനത്ത് മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി ജനവാസമേഖലയോട് ചേർന്ന വനാതിർത്തി പ്രദേശങ്ങളിൽ 663.322കി.മി. സൗരോർജ്ജ തൂക്കുവേലിയും 2074.8 കി.മീ. സൗരോർജ്ജ വേലിയും ഉൾപ്പെടെ ആകെ 2738.122 കി.മീ. നീളത്തിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ചിട്ടുള്ളതാണ്.

(ബി) വനാതിർത്തിയോട് ചേർന്നുള്ള ജനവാസ മേഖലകളിൽ സൗരോർജ വേലി, ആനക്കിടങ്ങ്, ജൈവവേലി തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ എത്ര സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

മറുപടി: മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി ജനവാസമേഖലയോട് ചേർന്നു വരുന്ന വനാതിർത്തി പ്രദേശങ്ങളിൽ 36 വനം ഡിവിഷനുകളിലായി 205 സ്ഥലങ്ങളിലായി 663.322 കി.മീ. സോളാർ തൂക്കുവേലികളും 955 സ്ഥലങ്ങളിലായി 2074.80 കി.മീ. സോളാർ വേലികളും കൂടാതെ ആനക്കിടങ്ങുകളും ആനപ്രതിരോധ മതിലുകളും റെയിൽ ഫെൻസും ക്രാഷ്ഗാർഡ് റോപ് ഫെൻസും സ്ഥാപിച്ചിട്ടുള്ളതാണ്.

(സി) വന്യജീവികളുടെ സഞ്ചാരപാതകൾ തിരിച്ചറിയുന്നതിനായി വനം വകുപ്പ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തിയ സഞ്ചാരപാതകളുടെ ജില്ല തിരിച്ചുള്ള പട്ടിക നൽകുമോ; വന്യജീവി ആക്രമണങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി നിലവിൽ ഏതെങ്കിലും സാങ്കേതിക സംവിധാനം ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ സഹായത്തോടുകൂടി സംസ്ഥാന വനം വകുപ്പ് നടത്തിയ പഠനത്തിൽ ഏഴ് ആനത്താരകൾ കണ്ടെത്തിയിട്ടുണ്ട്. വയനാട് (ബേഗൂർ-ബ്രഹ്മഗിരി), മലപ്പുറം (മുതുമല-നിലമ്പൂർ) എന്നീ ജില്ലകളിൽ അന്തർസംസ്ഥാന ആനത്താരകളും, കണ്ണൂർ (കൊട്ടിയൂർ-പെരിയ), വയനാട് (തിരുനെല്ലി-കുതിരക്കോട്, കൊട്ടിയൂർ-പെരിയ, പക്രാന്തളം), മലപ്പുറം (നിലമ്പൂർ-അപ്പൻകാപ്പ്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം) എന്നിവയാണ് ടി ആനത്താരകൾ. ടി ആനത്താരകൾ കേന്ദ്ര വനം, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും ലിസ്റ്റ് ചെയ്തിട്ടുള്ളതാണ്.

വനാതിർത്തിപ്രദേശങ്ങളിൽ വന്യജീവികളുടെ സാന്നിദ്ധ്യം മുൻകൂട്ടി തിരിച്ചറിയുന്നതിനും മുന്നറിയിപ്പ് നൽകുന്നതിനുമായി എ.ഐ. ക്യാമറകൾ, ക്യാമറാ ട്രാപ്പുകൾ, ഡ്രോൺ സ്ക്വാഡുകൾ, റിയൽടൈം മോണിറ്ററിംഗ് SMS അലെർട്ട് സിസ്റ്റം, കൂടാതെ പ്രദേശവാസികളെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും, പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എ.ഐ. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ത്രിതല സ്മാർട്ട് ഫെൻസ് സിസ്റ്റവും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ കാട്ടാനകൾ കാരണം 2021-22 മുതൽ 2026-27 വരെ (20/10/2026 വരെ) സംസ്ഥാനത്ത് മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും ജില്ലതിരിച്ചുള്ള

ക്രമ നം.	ജില്ല	2022-23		2023-24		2024-25		2025-26		2026-27*		ആകെ	
		മരണം	പരിക്ക്	മരണം	പരിക്ക്	മരണം	പരിക്ക്	മരണം	പരിക്ക്	മരണം	പരിക്ക്	മരണം	പരിക്ക്
1	തിരുവനന്തപുരം	1	1	0	-	0	-	2	3	0	1	3	5
2	കൊല്ലം	0	3	0	2	1	5	0	-	1	2	2	12
3	പത്തനംതിട്ട	0	1	0	-	1	1	0	-	1	1	2	3
4	ആലപ്പുഴ	0	-	0	-	0	-	0	-	0	-	0	-
5	കോട്ടയം	0	-	0	-	0	-	0	-	0	-	0	-
6	ഇടുക്കി	5	5	5	5	2	10	5	5	4	2	21	27
7	എറണാകുളം	0	3	0	11	0	5	1	7	1	5	2	31
8	തൃശ്ശൂർ	4	4	2	-	3	1	2	4	1	2	12	11
9	പാലക്കാട്	9	7	4	2	3	3	7	2	2	3	25	17
10	മലപ്പുറം	1	1	2	-	2	1	3	2	0	1	8	5
11	കോഴിക്കോട്	0	-	0	-	0	-	0	-	0	-	0	-
12	വയനാട്	4	7	7	4	5	4	1	9	2	4	19	28
13	കണ്ണൂർ	3	1	2	1	2	2	1	1	0	1	8	6
14	കാസർഗോഡ്	0	-	0	-	0	-	0	-	0	-	0	-
	ആകെ	27	33	22	25	19	32	22	33	12	22	102	145

*20/10/2026 വരെ

~WL-IX|com..la..16th.la..session.02..20261028..01.starred|QN.S.221.-.HWC.-.Elephant.Attack,.Corridors,.Preventive.measures|wl9|v-20|1726.2110.4525|